പേ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി

11 (*308) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും പേ ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനകം ഏതെല്ലാം മെഡിക്കൽ കോളേജ്, ജില്ലാ-താലൂക്ക് ആശുപത്രികളിൽ പേ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(സി) ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്താണെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക നേട്ടമുണ്ടാക്കുന്ന പ്രസ്തുത പേ ക്ലിനിക്കുകൾ അടിയന്തിരമായി നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഒരു താലൂക്കാശുപത്രിയിൽ പേ ക്ലിനിക്ക് തുടങ്ങുന്ന കാര്യം പരിശോധിച്ച് വരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(സി) ഒരു സ്റ്റേറ്റ് ക്ലിനിക്കൽ ഡെവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ചതിന് ശേഷമേ ഈ പദ്ധതി ആരംഭിക്കുവാൻ കഴിയൂ.

(ഡി) നടപടി സ്വീകരിച്ചുവരികയാണ്.

പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കുന്ന നടപടി

12 (*309) ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാമാണ് ലഭിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആർക്കെല്ലാമാണ് മെഡിക്കൽ കോളേജ് അനുവദിക്കണമെന്ന് മെഡിക്കൽ കൗൺസിൽ ഗവൺമെന്റിന് ശുപാർശ നൽകിയിട്ടുള്ളത് ;

(ഡി) മുൻവർഷങ്ങളിൽ ലഭിച്ച അപേക്ഷകൾ ഉൾപ്പെടെ ഈ വർഷം എത്ര പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്നും എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് അവ അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തുള്ള അരുൺ മെഡിക്കൽ ട്രസ്റ്റ്, മെഡിക്കൽ കോളേജ് ആന്റ് ഹോസ്പിറ്റൽ കോംപ്ലക്സ് കൺവീനറിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി-ബി) പിരിവിൽ സൂചിപ്പിച്ച ട്രസ്റ്റിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ നൽകിയിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തിട്ടില്ല.

പൊതു അവധിമൂലം ഉല്പാദന രംഗത്തുണ്ടാകുന്ന നഷ്ടം

13 (*310) ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഏതെല്ലാം വിശേഷ ദിവസങ്ങളിലാണ് പൊതു അവധി നൽകുന്നതെന്നും ഏതെല്ലാം കാര്യങ്ങളോടനുബന്ധിച്ചാണ് പൊതു അവധികൾ പ്രഖ്യാപിക്കാറുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) പൊതു അവധി പ്രഖ്യാപിക്കുന്നതുമൂലം ഉല്പാദന രംഗത്ത് ഒരു ദിവസം എന്തു നഷ്ടമാണ് ഉണ്ടാകുന്നത് ;

(സി) അവധി പ്രഖ്യാപിക്കുന്നതിനു മുമ്പായി വാണിജ്യ വ്യവസായികളുടെ സംഘടനയുമായി ചർച്ച ചെയ്യാറുണ്ടോ ;

(ഡി) പൊതുഅവധികൾ പ്രഖ്യാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇവയ്ക്ക് വ്യത്യാസം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) പൊതു അവധി നൽകുന്ന വിശേഷ ദിവസങ്ങളുടെ പട്ടിക† അനുബന്ധം 1-ലും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള അവധി ദിവസങ്ങളുടെ പട്ടിക† അനുബന്ധം II-ലും ചേർത്തിട്ടുണ്ട്. ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ, മതപരമായ വിശേഷങ്ങൾ/ഉത്സവ ദിവസങ്ങൾ/എന്നിവ പ്രമാണിച്ചാണ് പൊതുഅവധികൾ പ്രഖ്യാപിക്കാറുള്ളത്.

† അനുബന്ധം 1എ,1ബി.

LIBRARY ARCHIVES Kerala Legislative Assembly